"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ഏരിയ ഇന്റെൻസീവ് പ്രോഗ്രാം സ്കൂളുകൾ - എയ്ഡഡ് പദവിയുടെ മുൻകാല പ്രാബല്യം റദ്ദാക്കൽ - സംരക്ഷിതാദ്ധ്യാപകരെ മാത്രം നിയമിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

G.O.(Ms) No.196/2021/GEDN തീയതി, തിരുവനന്തപുരം, 09/09/2021

പരാമർശം:- 1. സർക്കാർ ഉത്തരവ് (സാധാ) നം.2075/95/പൊ.വി.വ തീയതി 22.06.1995.

2. സർക്കാർ ഉത്തരവ് (കൈ) നം.285/2015/പൊ.വി.വ തീയതി 11.11.2015.

3. സർക്കാർ ഉത്തരവ് (പി) നം.29/2016/പൊ.വി.വ തീയതി 29.01.2016.

4. സർക്കാർ ഉത്തരവ് (പി) നം.199/2016/പൊ.വി.വ തീയതി 03.12.2016.

**ഉത്തരവ്**

ഏരിയ ഇൻ്റൻസീവ് പ്രോഗ്രാം അനുസരിച്ച് പരാമർശം (1) പ്രകാരം സ്ഥാപിതമായ സ്കൂളുകൾക്ക് 2003 മുതൽ മുൻകാല പ്രാബല്യത്തോടെ പരാമർശം (2) പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവാകുകയുണ്ടായി. മുൻകാല പ്രാബല്യത്തോട്ടു കൂടി എയ്ഡഡ് പദവി നൽകിയ നടപടി കേരള എഡ്യൂക്കേഷൻ ആക്ട് പ്രകാരം നിലനിൽക്കാത്തതിനാൽ, ഏരിയ ഇൻ്റൻസീവ് പ്രോഗ്രാം സ്കൂളുകൾക്ക് 2003 മുതൽ മുൻകാല പ്രാബല്യത്തോടെ എയ്ഡഡ് പദവി നൽകിയത് റദ്ദാക്കിക്കൊണ്ട് പരാമർശം (2) ഉത്തരവിന്റെ തീയതിയായ 11.11.2015 മുതൽ പ്രാബല്യം നൽകിയും ടി സ്കൂളുകളിൽ 29.01.2016 മുതലുള്ള നിയമനങ്ങൾക്ക് പരാമർശം (3), (4) ഉത്തരവുകളിലെ വ്യവസ്ഥകൾ ബാധകമാക്കി പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തി സംരക്ഷിതാദ്ധ്യാപകരെ മാത്രം നിയമിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
Principal Secretary

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (75473/EDU.A3/15/FIN) dated 13.10.2015)
നിയമകാര്യ വകുപ്പ് (25950/F1/2019/നിയമം തീയതി 15.05.2020)
പൊതുഭരണ (എസ്.സി) വകുപ്പിന് (08.09.2021-ലെ ഇനം 226 അനുസരിച്ച്)
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു:പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 08-09-2021**

ഫയൽ നം. 56249/ഡി1/2013/പൊ.വി.വ. ഇനം നം: 226

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - എ.ഐ.പി. സ്കൂളുകൾക്ക് നൽകിയിട്ടുള്ള എയ്ഡഡ് പദവിയുടെ മുൻകാല പ്രാബല്യം റദ്ദാക്കുകയും അവയിലെ നിയമനങ്ങൾ പ്രൊട്ടക്ടഡ് അധ്യാപകരിൽ നിന്നും നടത്തുകയും ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

8/9/21

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : 56249/ഡി1 /2013/പൊ.വി.വ |
| 2. | വകുപ്പ് | : പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ് |
| 3. | വിഷയം | :എ.ഐ.പി സ്കൂളുകൾക്ക് നൽകിയിട്ടുള്ള എയ്ഡഡ് പദവിയുടെ മുൻകാല പ്രാബല്യം റദ്ദാക്കുകയും അവയിലെ നിയമനങ്ങൾ പ്രൊട്ടക്റ്റഡ് അധ്യാപകരിൽ നിന്നും നടത്തുകയും ചെയ്യുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 21/7/2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : <br>: ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് (നിയമവകുപ്പ് ) |
| 7. | കുറിപ്പ് അംഗീകരിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : മുഹമ്മദ് ഹനീഫ എം .എം |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : എ.പി.എം മുഹമ്മദ് ഹനീഷ് |
| 9. | മന്ത്രിസഭക്കുള്ള കരട്കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 28/7/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വി പി ജോയ് |
| 11. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 28/7/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : വി ശിവൻകുട്ടി |
| 13. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 31/8/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 2/9/2021 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിലേക്കുള്ള കുറിപ്പ്

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഏരിയ ഇൻറൻസീവ് പ്രോഗ്രാമിന്റെ കീഴിൽ ആരംഭിച്ച സ്കൂളുകൾക്ക് 11/11/2015 ലെ G.O(MS)No.285/2015/G.Edn പ്രകാരം 2003 മുതൽ മുൻകാല പ്രാബല്യത്തോടെ എയ്ഡഡ് പദവി നൽകിയത് റദ്ദാക്കി ടി ഉത്തരവിന്റെ തീയതിയായ 11.11.2015 മുതൽ പ്രാബല്യം നൽകുന്നതും ടി സ്കൂളുകളിൽ 29/01/2016 മുതലുള്ള നിയമനങ്ങൾക്ക് 3.12.2016 ലെ സ.ഉ(പി) 199/2016/പൊ.വി.വ, 29/1/2016 ലെ സ.ഉ (പി )29/2016/പൊ.വി.വ എന്നിവയിലെ വ്യവസ്ഥകൾ ബാധകമാക്കി പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തി സംരക്ഷിതാദ്ധ്യാപകരെ മാത്രം നിയമിക്കുന്നതിന് അനുമതി നൽകുന്നതും സംബന്ധിച്ച കാര്യങ്ങളാണ് ഈ കുറിപ്പിലെ വിഷയം.

2. ഏരിയ ഇൻറൻസീവ് പ്രോഗ്രാം അനുസരിച്ച് 1995-96 അദ്ധ്യയന വർഷം 11 അപ്പർ പ്രൈമറി സ്കൂളുകളും 24 ലോവർ പ്രൈമറി സ്കൂളുകളും 6 ഹയർ സെക്കൻഡറി സ്കൂളുകളും സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി 22.06.95 ലെ സ.ഉ (സാധാ) നം.2075/95/പൊ.വി.വ. പ്രകാരം അനുമതി നൽകുകയുണ്ടായി. തുടർന്ന് ഈ പദ്ധതി പ്രകാരം പ്രവർത്തിക്കുകയായിരുന്ന 35 സ്കൂളിലെ 238 അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ശമ്പളം (Basic pay) അനുവദിച്ചുകൊണ്ട് 16.01.2003 ലെ G.O(MS) 14/2003/G.Edn പ്രകാരവും ഇവർക്ക് D.A യും മറ്റ് അലവൻസുകളും 01.02.2006 മുതൽ അനുവദിച്ചുകൊണ്ട് 01.02.2006 ലെ G.O(MS) No.43/2006/G.Edn പ്രകാരവും ഉത്തരവാകുകയുമുണ്ടായി. 2006 ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ പുതുക്കിയ മിനിമം ശമ്പള സ്കെയിൽ ഈ ജീവനക്കാർക്കും ബാധകമാക്കികൊണ്ട് 13.02.2009 ലെ GO(MS)No.21/2009/G.Edn. പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്. ഇപ്രകാരം പ്രവർത്തിച്ചുവരുന്ന 35 സ്കൂളുകളിലെ 238 ജീവനക്കാർക്ക് KER ഉം KSR ഉം ബാധകമാക്കി 14.03.2013 ലെ സ.ഉ.(എം.എസ്) നം.93/13/പൊ.വി.വ പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉത്തരവുപ്രകാരം

16.01.2003 മുതൽ 31.05.2012 വരെയുള്ള കാലയളവ് നോഷണൽ സർവ്വീസായി കണക്കാക്കി ശമ്പള കുടിശ്ശിക ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങൾക്കും പരിഗണിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. പരിഷ്കരിച്ച ശമ്പളവും ആനുകൂല്യങ്ങളും 01.06.2012 മുതൽ മുൻകാല പ്രാബല്യത്തോടെ രൊക്കം പണമായി നൽകാനും വ്യവസ്ഥ ചെയ്തിരുന്നു. ഈ ജീവനക്കാർക്ക് ശമ്പളം അനുവദിച്ചു തുടങ്ങിയ 16.01.2003 മുതൽ മുൻകാല പ്രാബല്യത്തോടെ പ്രസ്തുത സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകികൊണ്ട് 11.11 .2015 ലെ സ.ഉ.(എം.എസ്) നം. 285/15/ പൊ.വി.വ .പ്രകാരം ഉത്തരവായി. പൊതു വിദ്യാഭ്യാസ (ജെ) വകുപ്പും ധനകാര്യ വകുപ്പും മുൻകാല പ്രാബല്യം നൽകി പ്രസ്തുത സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ചത് കെ.ഇ.ആർ ലെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയതിനാൽ ടി ഉത്തരവ് പ്രാബല്യത്തിൽ വരുത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് തന്നെ 11.11.2015 ലെ സ.ഉ.(എം.എസ്) നം. 285/15/ പൊ.വി.വ അടിസ്ഥാനത്തിൽ 16.01.2003 ന് ശേഷം അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് നിയമനാംഗീകാരവും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു നൽകണമെന്നുള്ള ആവശ്യം നടപ്പിലാകാതെ പോകുകയായിരുന്നു.

3. ആയതിനാൽ 2003 ന ശേഷം നിയമിതരായവരും ഇപ്പോൾ സർവീസിൽ തുടരുന്നതുമായ 67 അദ്ധ്യാപക / അനദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്ന കാര്യങ്ങളിൽ വീണ്ടും ധനകാര്യ വകുപ്പിന്റെയും പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെയും അഭിപ്രായം ആരായുകയുണ്ടായി .പ്രസ്തുത വകുപ്പുകളുടെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനായി മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിച്ചിരുന്നു.

a) 11/11/2015 ലെ G.O(MS) No. 285/2015/G.Edn ഉത്തരവ്പ്രകാരം AIP സ്കൂളുകൾക്ക് 2003 മുതൽ മുൻകാല പ്രാബല്യത്തോടെ എയ്ഡഡ് പദവി നൽകിയത് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം റദ്ദാക്കാമോ ;ടി ഉത്തരവിന്റെ തീയതിയായ 11.11.2015 മുതൽ പ്രാബല്യം നൽകാമോ ?

b) 01.06.2003 ന് ശേഷം ടി 32 സ്കൂളുകളിൽ നിയമിതരായ 67 പ്രൈമറി

അധ്യാപക-അധ്യാപകേതര ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തി 29.01.2016 ൽ പുറപ്പെടുവിച്ച 2015-16 ലെ തസ്തിക നിർണ്ണയ ഉത്തരവായ സ.ഉ(കൈ) 29/2016/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തി 11.11.2015 മുതൽ അംഗീകാരവും അന്നേ തീയതിമുതൽ എ ഐ പി സ്കൂളുകളിലെ ജീവനക്കാർക്ക് അനുവദനീയമായ സേവന വേതന ആനുകൂല്യങ്ങളും നൽകാമോ ?

c) AIP സ്കൂളുകളിൽ 29/01/2016 മുതലുള്ള നിയമനങ്ങൾക്ക് 3.12.2016 ലെ സ.ഉ(പി) നം. 199/2016/പൊ.വി.വ ഉത്തരവ്,സ.ഉ (പി )29/2016/പൊ .വി .വ, നമ്പർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ ബാധകമാക്കി പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തി സംരക്ഷിതാദ്ധ്യാപകരെ മാത്രം നിയമിക്കുന്നതിന് അനുമതി നൽകാമോ ?

4. 5/3/2019 ലെ മന്ത്രിസഭാ യോഗം മേൽ സൂചിപ്പിച്ച ഇനം 'b' അംഗീകരിച്ചുകൊണ്ട് a, c എന്നീ വിഷയങ്ങൾ നിയമ വകുപ്പ് പരിശോധിച്ച ശേഷം വീണ്ടും മന്ത്രിസഭയുടെ പരിഗണനക്ക് കൊണ്ടുവരുവാൻ ഉത്തരവായി. പ്രസ്തുത മന്ത്രിസഭാ യോഗ തീരുമാന പ്രകാരം 67 തസ്തികകൾ അംഗീകരിച്ചുകൊണ്ട് 6/3/2019 ൽ G.O( MS) No. 29/2019/G.Edn പുറപ്പെടുവിച്ചു .

5. 5/3/2019 ലെ മന്ത്രിസഭാ തീരുമാനപ്രകാരം 11/11/2015 ലെ G.O(MS)No.285/2015/G.Edn ഉത്തരവ്പ്രകാരം AIP സ്കൂളുകൾക്ക് 2003 മുതൽ മുൻകാല പ്രബല്യത്തോടെ എയ്ഡഡ് പദവി നൽകിയത് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം റദ്ദാക്കി ടി ഉത്തരവിന്റെ തീയതിയായ 11.11.2015 മുതൽ പ്രാബല്യം നൽകാമോ എന്ന വിഷയത്തിലും AIP സ്കൂളുകളിൽ 29/01/2016 മുതലുള്ള നിയമനങ്ങൾക്ക് 3.12.2016.ലെസ.ഉ(പി)നം.199/2016/പൊ.വി.വ ഉത്തരവ് 29/1/2016 ലെ സ.ഉ(പി)നം.29/2016/പൊ.വി.വ നമ്പർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ ബാധകമാക്കി പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തി സംരക്ഷിതാദ്ധ്യപകരെ മാത്രം നിയമിക്കുന്നതിന് അനുമതി നൽകാമോ എന്ന വിഷയത്തിലും അഭിപ്രായത്തിനായി ഫയൽ നിയമ വകുപ്പിലേക്ക് അയച്ചു .

**6. നിയമവകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം ലഭ്യമാക്കി.**

*"The Kerala Education Act- ന്റെ ടി മൂന്നാം വകുപ്പിലെ (1) ഉപവകുപ്പിൽ സർക്കാരിന് സർക്കാർ സ്കൂളുകളിലെയും പ്രൈവറ്റ് സ്കൂളുകളുടെയും വിദ്യാഭ്യാസം regulate ചെയ്യുന്നതിന് അധികാരമുള്ളതായി പറയുന്ന മൂന്നാം വകുപ്പിന്റെ ഉപഖണ്ഡം 3(b) പ്രകാരം ഒരു വ്യക്തിക്കോ ഒരുകൂട്ടം വ്യക്തികൾക്കോ എയ്ഡഡ് സ്കൂൾ സ്ഥാപിക്കുന്നതിനോ നിലനിർത്തുന്നതിനോ ഉള്ള അധികാരം ഇപ്രകാരം എയ്ഡഡ് പദവി,നിലവിൽ പ്രവർത്തിച്ചുരുന്ന സ്കൂളിന്,മുൻകാല പ്രാബല്യം നൽകി അനുവദിക്കുന്നതിന് സർക്കാരിന് അധികാരമില്ലാത്തതാണ്. അതിനാൽ 11/11/2015 ലെ G.O(MS)No.285/2015/G.Edn ഉത്തരവ് പ്രകാരം AIP സ്കൂളുകൾക്ക് 2003 മുതൽ മുൻകാല പ്രാബല്യത്തോടെ എയ്ഡഡ് പദവി നൽകിയത് നിലനിൽക്കാത്തതാണ്. അതുകൊണ്ടുതന്നെ G.O(MS)No.285/2015/G.Edn നിലനിൽക്കാത്തതുമാണ്. എന്നാൽ ടി ഉത്തരവിന്റെ തീയതിയായ 11/11/2015 മുതൽ പ്രാബല്യം നൽകുന്നതിന് 285/2015/G.Edn നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത Prospective effect ഓടു കൂടി മാത്രം ഉത്തരവിറാക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്.*

*AIP സ്കൂളുകളിൽ 29/01/2016 മുതലുള്ള നിയമനങ്ങൾക്ക് 03/12/2016 ലെ സ.ഉ 199/2016/പൊ.വി.വ.സ.ഉ(P)29/2016/പൊ.വി.വ, എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ ബാധകമാക്കി പുതുതായി ആരംഭിച്ച് സ്കൂളുകളുടെ ഗണത്തിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രം നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു".*

7. നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയങ്ങൾ വീണ്ടും മന്ത്രിസഭാ യോഗത്തിന്റെ പരിഗണനക്കായി സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു. വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് .

# തീരുമാനിക്കേണ്ട വിഷയം

1. 11/11/2015 ലെ G.O(MS) No. 285/2015/G.Edn ഉത്തരവ്പ്രകാരം ഏരിയ ഇന്റൻസീവ് പ്രോഗ്രാം സ്കൂളുകൾക്ക് 2003 മുതൽ മുൻകാല പ്രാബല്യത്തോടെ എയ്ഡഡ് പദവി നൽകിയത് റദ്ദാക്കി;ടി ഉത്തരവിന്റെ തീയതിയായ 11.11.2015 മുതൽ പ്രാബല്യം നൽകാമോ ?
2. AIP സ്കൂളുകളിൽ 29/01/2016 മുതലുള്ള നിയമനങ്ങൾക്ക് 3.12.2016 ലെ സ.ഉ(പി) നം.199/2016/പൊ.വി.വ ഉത്തരവ്,29.01.2016 ലെ സ.ഉ(പി)നം. 29/2016/പൊ.വി.വ, ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ ബാധകമാക്കി പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തി സംരക്ഷിതാദ്ധ്യാപകരെ മാത്രം നിയമിക്കുന്നതിന് അനുമതി നൽകാമോ ?